2024
APRIL
30
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ






## കെനിയയിൽ പെരുമഴയിൽ അണക്കെട്ട് തകർന്നു; 45 പേർ കൊല്ലപ്പെട്ടു

**നയ്റോബി :** കിഴക്കൻ ആഫ്രിക്കൻ രാജ്യമായ കെനിയയിൽ മയ് മഹിയു മേഖലയിൽ കനത്ത മഴയിൽ അണക്കെട്ടു തകർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ 17 കുട്ടികൾ അടക്കം 45 പേർ കൊല്ലപ്പെട്ടു. 110 പേർക്കു പരുക്കേറ്റു. തലസ്ഥാനമായ നയ്റോബിയിൽ നിന്ന് 60 കിലോമീറ്റർ അകലെയാണിത്. അണക്കെട്ടു തകർന്നു കുത്തിയൊലിച്ച വെള്ളത്തിൽ ഒട്ടേറെ ഗ്രാമങ്ങൾ ഒലിച്ചുപോയി. മരണസംഖ്യ ഉയരുമെന്നാണു സൂചന.

രാജ്യത്ത് ആഴ്ചകളായി തുടരുന്ന പെരുമഴയിൽ ഇതിനകം നൂറിലേറെപ്പേർ മരിച്ചു. 1.85 ലക്ഷം പേരെ മാറ്റിപ്പാർപ്പിച്ചു. റോഡുകളും പാലങ്ങളും മുങ്ങി. നയ്റോബി വിമാനത്താവളത്തിലേക്കുള്ള റോഡിലും വെള്ളം പൊങ്ങി. അയൽരാജ്യങ്ങളായ ടാൻസനിയ, ബുറുണ്ടി അടക്കം കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളിലെല്ലാം തോരാത്ത മഴ തുടരുന്നു. ബുറുണ്ടിയിൽ ഒരു ലക്ഷത്തോളം പേരെ മാറ്റിപ്പാർപ്പിച്ചു.

## ഇന്ത്യ്യമ്യാൻമർ അതിർത്തിയിൽ വൻ ആയുധശേഖരം പിടിച്ചെടുത്തു; ഒരാൾ അറസ്റ്റിൽ

**ന്യൂഡൽഹി :** നാഗാലാൻഡിലെ ഇന്ത്യമ്യാൻമർ അതിർത്തിയിൽ സൈന്യം നടത്തിയ പരിശോധനയിൽ വൻ ആയുധശേഖരം പിടിച്ചെടുത്തു.

രഹസ്യവിവരത്തെ തുടർന്ന് മോൺ ജില്ലയിൽ നടത്തിയ പരിശോധനയിലാണ് തോക്ക് ഉൾപ്പടെയുള്ള ആയുധങ്ങൾ പിടിച്ചെടുത്തതെന്ന് അധികൃതർ പറഞ്ഞു.



സംഭവത്തിൽ ഒരാളെ അറസ്റ്റ് ചെയ്തു. കൂടുതൽ അന്വേഷണങ്ങൾക്കായി ഇയാളെ നാഗാലാൻഡ് പോലീസിനു കൈമാറി. പ്രദേശത്ത് ആക്രമണം നടത്താൻ ഭീകര സംഘങ്ങൾ ആയുധങ്ങൾ ശേഖരിക്കുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു.

ആയുധങ്ങൾ പിടിച്ചെടുത്ത സാഹചര്യത്തിൽ പ്രദേശത്ത് പരിശോധന കർശനമാക്കുമെന്നും ജാഗ്രതാ നിർദേശം നൽകിയെന്നും പോലീസ് പറഞ്ഞു.

## കൊളംബിയയിൽ ഹെലികോപ്റ്റർ തകർന്ന് ഒൻപത് സൈനികർ കൊല്ലപ്പെട്ടു

**ബൊഗോട്ട:** കൊളംബിയയിൽ ഹെലികോപ്റ്റർ തകർന്ന് ഒൻപത് സൈനികർ കൊല്ലപ്പെട്ടു. രാജ്യത്തെ ഏറ്റവും വലിയ മയക്കുമരുന്ന് സംഘവുമായി സൈന്യം പോരാടുന്നതിനിടെയായിരുന്നു അപകടം.

ഗൾഫ് കാർട്ടലിനെതിരായ പ്രവർത്തനങ്ങൾക്ക് സൈനികരെ ഹെലികോപ്റ്ററിൽ എത്തിക്കുന്നതിനിടെയാണ് അപകടമുണ്ടായതെന്ന് പ്രസിഡൻറ് ഗുസ്താവോ പെട്രോ എക്സിൽ കുറിച്ചു.

എന്നാൽ അപകടമുണ്ടാകാനുള്ള കാരണത്തെക്കുറിച്ച് അദ്ദേഹം പരാമർശിച്ചിട്ടില്ല. റഷ്യൻ നിർമിത എംഐ17 ഹെലികോപ്റ്റർ ആണ് തകർന്നത്.

## കീടനാശിനി: എംഡിഎച്ച്, എവറസ്റ്റ് എന്നിവയുടെ വിവിധ ഉത്പന്നങ്ങൾക്കെതിരേ അന്വേഷണം

**കൊച്ചി:** ഇന്ത്യയിലെ കറി പൗഡർ കയറ്റുമതി മേഖലയ്ക്ക് കടുത്ത ആശങ്ക സൃഷ്ടിച്ച് അമെരിക്കയിലെയും യൂറോപ്പിലെയും നിയന്ത്രണ ഏജൻസികൾ പുതിയ പരിശോധനകൾ ആരംഭിച്ചു. സിംഗപ്പൂരിനും ഹോങ്കോങ്ങിനും പിന്നാലെയാണ് അമെരിക്കയും യൂറോപ്പും ഇന്ത്യയുടെ പ്രമുഖ ബ്രാൻഡുകളായ എംഡിഎച്ച്, എവറസ്റ്റ് എന്നിവയ്ക്കെതിരെ അന്വേഷണം പ്രഖ്യാപിക്കുന്നത്.

കാൻസറിന് കാരണമാകുന്ന എത്തിലിൻ ഓക്സഡൈഡിൻറെ സാന്നിധ്യം കണ്ടെത്തിയെതോടെ പ്രമുഖ ഇന്ത്യൻ കമ്പനികളായ എംഡിഎച്ച്, എവറസ്റ്റ് എന്നിവയുടെ വിവിധ ഉത്പന്നങ്ങളുടെ സാംപിളുകൾ യുഎസിലെ ഭക്ഷ്യ സുരക്ഷാ ഏജൻസിയായ ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ ശേഖരിച്ചു. ഇന്ത്യൻ കറി പൗഡറുകളിലെ രാസ മാലിന്യ സാന്നിധ്യം പരിശോധിക്കാൻ യൂറോപ്യൻ ഫുഡ് സേഫ്റ്റി അഥോറിറ്റിയും തയ്യാറെടുക്കുകയാണ്.

നിലവിൽ രണ്ട് കമ്പനികളാണ് ആരോപണം നേരിടുന്നതെന്ന് ക




യറ്റുമതി മേഖലയിലുള്ളവർ പറയുന്നു. അതിനാൽ മറ്റു സ്ഥാപനങ്ങളുടെ കറി പൗഡർ വിൽപ്പനയെ കാര്യമായി ബാധിച്ചിട്ടില്ല. എംഡിഎച്ച്, എവറസ്റ്റ് എന്നിവയുടെ നാല് ഉത്പന്നങ്ങളാണ് സിംഗപ്പൂരും ഹോങ്കോംഗും കഴിഞ്ഞ ദിവസം നിരോധിച്ചത്. അതേസമയം, യൂറോപ്പും മിഡിൽ ഈസ്റ്റും വടക്കേ അമേരിക്കയും അടക്കമുള്ള വിപണികളിലേക്ക് ഉത്പന്നങ്ങൾ കയറ്റുമതി നടത്തുന്ന എംഡിഎച്ചിനും എവറസ്റ്റിനും എതിരെയുള്ള ആരോപണം ഇന്ത്യയുടെ കറി പൗഡർ വ്യാപാരത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന് ഈ മേഖലയിലുള്ളവർ ചൂണ്ടിക്കാട്ടുന്നു.

ഇതിനിടെ ഇന്ത്യൻ ഉത്പന്നങ്ങളിലെ കീടനാശിനി സാന്നിധ്യത്തെക്കുറിച്ച് സ്പൈസസ് ബോർഡിൻറെ അന്വേഷണം പുരോഗമിക്കുകയാണ്. വിദേശങ്ങളിലേക്ക് അയയ്ക്കുന്ന കറി പൗഡറുകളുടെയും മറ്റ് സുഗന്ധ വ്യഞ്ജന ഉത്പന്നങ്ങളുടെയും ഗുണമേന്മാ പരിശോധനാ നടപടികൾ വ്യക്തമാക്കാൻ രണ്ട് കമ്പനികളോടും സ്പൈസസ് ബോർഡ് നിർദേശിച്ചിട്ടുണ്ട്. ഉത്പന്നങ്ങളിലെ കീടനാശിനി സാന്നിധ്യം പരിശോധിക്കാനുള്ള സംവിധാനങ്ങളുടെ വിവരങ്ങളും ബോർഡ് തേടിയിട്ടുണ്ട്.



# ജെഇഇ : വേദാന്തു വിദ്യാർത്ഥികൾക്ക് മികച്ച നേട്ടം

**കൊച്ചി:**ജെഇഇ ട്യൂട്ടറിംഗ് രംഗത്തെ പ്രമുഖരായ വേദാന്തു തങ്ങളുടെ 1,698 വിദ്യാർത്ഥികൾ ജെഇഇ അഡ്വാൻസ്ഡിന് യോഗ്യത നേടിയതായി വെളിപ്പെടുത്തി. അവരുടെ 210 വിദ്യാർത്ഥികൾ 99 ശതമാനത്തിന് മുകളിൽ മാർക്ക് നേടിയതായും 641 വിദ്യാർത്ഥികൾ 97 ശതമാനത്തിന് മുകളിൽ മാർക്ക് നേടിയതായും വേദാന്തു വെളിപ്പെടുത്തി. വേദാന്തുവിന്റെ മികച്ച വിദ്യാർത്ഥികളിലൊരാളായ പ്രണവാനന്ദ് സജി 31ാം റാങ്കോടെ 2024ലെ ജെഇഇ മെയിനിന്റെ ഓവർസീസ് ടോപ്പറായി. കൂടാതെ, 3 വേദാന്തു വിദ്യാർത്ഥികൾ മികച്ച 500ലും 6 വിദ്യാർത്ഥികൾ ആദ്യ ആയിരത്തിലും ഇടം നേടി.

27 വേദാന്തു വിദ്യാർത്ഥികൾ ഒന്നോ അതിലധികമോ വിഷയങ്ങളിൽ 100 ശതമാനം നേടിയതായി വേദാന്തു സഹസ്ഥാപകനും അക്കാദമിക് മേധാവിയുമായ ശ്രീ ആനന്ദ് പ്രകാശ് പറഞ്ഞു.ബാംഗ്ലൂരിൽ കഴിഞ്ഞ വർഷം സ്ഥാപിതമായ വേദാന്തു പഠന കേന്ദ്രത്തിന്റെ ശ്രദ്ധേയമായ നേട്ടമാണ് ഫലങ്ങളുടെ സന്തോഷം കൂട്ടുന്നത്. ഒരു ദശാബ്ദക്കാലത്തെ സാങ്കേതിക കണ്ടുപിടിത്തങ്ങൾ പ്രയോജനപ്പെടുത്തി, വേദാന്തു ഫിസിക്കൽ ക്ലാസ് മുറികളിലും അതിന്റെ നൂതന ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും അനുയോജ്യമായ പഠനാനുഭവങ്ങൾ ഉറപ്പാക്കുന്നു. മാസ്റ്റർ ടീച്ചർമാർ, ഡൌട്ട് എക്സ്പെർട്സ്, അക്കാദമിക് ഉപദേഷ്ടാക്കൾ എന്നിവർ ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധ നൽകുകയും ഇഷ്ടാനുസൃതമാക്കിയ അധ്യാപന രീതികൾ ഉപയോഗിക്കുകയും ചെയ്യുന്നു. ബാംഗ്ലൂർ കൂടാതെ ചെന്നൈ, ഹൈദരാബാദ്, ഡൽഹി, മധുരൈ, കോയമ്പത്തൂർ ഉൾപ്പടെ 30ലധികം നഗരങ്ങളിൽ വേദാന്തു പഠന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ഇൻഡീജിൻ ലിമിറ്റഡ് ഐപിഒ മെയ് 6 മുതൽ

**കൊച്ചി:** ഇൻഡീജിൻ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 മെയ് 6 മുതൽ 8 വരെ നടക്കും. 760 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 23,932,732 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 430 രൂപ മുതൽ 452 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 33 ഇക്വിറ്റി ഓഹരികൾക്കും തുർന്ന് 33ന്റെ ?ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെ പി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# അക്ഷയ തൃതീയ: ക്യാഷ് ബാക്ക് ഓഫറുകളുമായി ജോയ്ആലുക്കാസ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ് അക്ഷയ തൃതീയ പ്രമാണിച്ച് പ്രത്യേക ക്യാഷ്ബാക്ക് ഓഫറുകൾ പ്രഖ്യാപിച്ചു. 50,000 രൂപയോ അതിൽ കൂടുതലോ വില വരുന്ന ഡയമണ്ട് അൺകട്ട് ഡയമണ്ട് ആഭരണങ്ങൾ വാങ്ങുന്നവർക്കായി 2000 രൂപയുടെ സൗജന്യ ഗിഫ്റ്റ് വൗച്ചറുകൾ ലഭിക്കും. മെയ് 12 വരെയാണ് ഓഫറിന്റെ കാലാവധി. 50,000 രൂപയോ അതിൽ അധികമോ വിലവരുന്ന സ്വർണാഭരണങ്ങൾ വാങ്ങുന്നവർക്കായി 1000 രൂപയുടെ സൗജന്യ ഗിഫ്റ്റ് വൗച്ചറുകളും, 10000 രൂപയോ അതിലധികമോ വിലവരുന്ന വെള്ളി ആഭരണങ്ങൾ വാങ്ങുന്നവർക്കായി 500 രൂപയുടെ സൗജന്യ ഗിഫ്റ്റ് വൗച്ചറുകളും ലഭിക്കും. മെയ് 3 മുതൽ 12 വരെയുള്ള പർച്ചേസുകൾക്കാണ് ഓഫറുകൾ ലഭിക്കുക.

ദശലക്ഷത്തിലേറെ വൈവിധ്യമാർന്ന രൂപകൽപ്പനകളിൽ ഒരുക്കിയ വിപുലമായ ആഭരണ ശേഖരമാണ് ഉപഭോക്താക്കൾക്കായി ഈ അക്ഷയ ത്രിതീയ പ്രമാണിച്ച് ജോയ്ആലുക്കാസ് ഒരുക്കിയിട്ടുള്ളത്. പുതിയ ട്രെൻഡുകൾക്കൊപ്പം പാരമ്പര്യ അഭിരുചികളും കോർത്തിണക്കിയ ആഭരണങ്ങളാണിവയെന്ന് ജോയ് ആസുക്കാസ് ഗ്രൂപ്പ് ചെയർമാനും എംഡിയുമായ ജോയ് ആലുക്കാസ് പറഞ്ഞു.

ആഭരണങ്ങൾ വാങ്ങുന്നതിന് ഏറ്റവും അനുയോജ്യമായ അക്ഷയ ത്രിതീയയോടനുബന്ധിച്ച് നടപ്പിലാക്കുന്ന ഈ ഓഫറുകൾ ഉപഭോക്താക്കൾക്ക് ഏറെ പ്രയോജനകരമാകും എന്നു വിശ്വസിക്കുന്നതായും ഇന്ത്യയിൽ ഉടനീളമുള്ള ജോയ്ആലുക്കാസ് ഷോറൂമുകളിൽ ഈ ഓഫറുകൾ ലഭ്യമാണെന്നും ജോയ് ആലുക്കാസ് പറഞ്ഞു.



**കേരള വ്യാപാരി വ്യവസായി ഏകോപനസമിതി ചേരാനല്ലൂർ ചിറ്റൂർ യൂണിറ്റ് വാർഷിക സമ്മേളനം സംസ്ഥാന പ്രസിഡണ്ട് രാജു അപ്സര ഉദ്ഘാടനം ചെയ്യുന്നു.**

# കെവിവിഇഎസ്: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപനസമിതി ചേരാനല്ലൂർ - ചിറ്റൂർ യൂണിറ്റ് വാർഷിക സമ്മേളനം സംസ്ഥാന പ്രസിഡണ്ട് രാജു അപ്സര ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് അബ്ദുൽ ഷുക്കൂർ അദ്ധ്യക്ഷത വഹിച്ചു. അംഗങ്ങളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ അവാർഡ് വിതരണം ചേരാനല്ലൂർ പഞ്ചായത്ത് പ്രസിഡണ്ട് കെ.ജി.രാജേഷ്, മെമ്പർമാരായ ഭരതൻ, ഷൈമോൾ എന്നിവർ ചടങ്ങിൽ നിർവ്വഹിച്ചു. ജില്ലാ പ്രസിഡന്റ് പി സി ജേക്കബ്ബ്, ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ ജെ റിയാസ്, ട്രഷർ സി എസ് അജ്മൽ, വൈസ് പ്രസിഡന്റ് ജിമ്മി ചക്കിയത്ത്, ജില്ലാ സെക്രട്ടറിമാരായ പോൾ ജെ മാമ്പിള്ളി, അസീസ് മൂലയിൽ, വനിതാവിങ് സംസ്ഥാന പ്രസിഡന്റ് സുബൈദ നാസർ, യൂത്ത് വിംഗ് ജില്ലാ പ്രസിഡണ്ട് നിഷാദ്,യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം പ്രസിഡണ്ട് പ്രദീപ് ജോസ്, വനിതാ വിംഗ് നിയോജകമണ്ഡലം പ്രസിഡന്റ് ജയ പീറ്റർ, പി.ജി.ജോസഫ്, അനൂപ്, എഡിസൺ, ഹസീന ബഷീർ തുടങ്ങിയവർ പ്രസംഗിച്ചു. 2024-26 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും സമ്മേളനത്തിൽ നടന്നു. പുതിയ ഭാരവാഹികളായി കെ എസ് അബ്ദുൾ ഷുക്കൂർ (പ്രസിഡന്റ്), കെ എ അനൂപ് (ജനറൽ സെക്രട്ടറി),വി എ എഡിസൺ (ട്രഷറർ). പി ജി ജോസഫ് (രക്ഷാധികാരി) എന്നിവരെ തിരഞ്ഞെടുത്തു.




# കെഎൽഎം ആക്സിവ യു.കെയിൽ 10 ബ്രാഞ്ചുകൾ തുറക്കും

**കൊച്ചി:** കെഎൽഎം ആക്സിവ ഫിൻവെസ്റ്റ് ലിമിറ്റഡ് വിദേശ രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുകയാണെന്നും ആദ്യഘട്ടത്തിൽ യു.കെയിൽ 10 ബ്രാഞ്ചുകൾ തുറക്കുമെന്നും കെഎൽഎം ആക്സിവ ഫിൻവെസ്റ്റ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഷിബു തെക്കുംപുറം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ഇടപ്പള്ളിയിൽ നിർമ്മാണം പൂർത്തിയായ കെഎൽഎം ആക്സിവ ഫിൻവെസ്റ്റിന്റെ പുതിയ ആസ്ഥാന മന്ദിരം മെയ് അഞ്ചിന് ഉച്ചകഴിഞ്ഞ് രണ്ടിന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. കെഎൽഎം ആക്സിവ ചെയർമാൻ ടി പി ശ്രീനിവാസൻ അധ്യക്ഷത വഹിക്കും.

കെഎൽഎം അരീനയുടെ ഉദ്ഘാടനം ഇസാഫ് ബാങ്ക് എംഡി പോൾ തോമസും മാനേജ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം സിന്തൈറ്റ് ഇൻഡസ്ട്രീസ് ജോയിന്റ് മാനേജിംഗ് ഡയറക്ടർ അജു ജേക്കബ്ബും ചടങ്ങിൽ നിർവ്വഹിക്കും.മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ടികെകെ നായർ,ടെന്നീസ് താരം സാനിയ മിർസ എന്നിവർ മുഖ്യ അതിഥികളായിരിക്കും.കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അനുഗ്രഹ പ്രഭാഷണം നടത്തും. കൊച്ചി മേയർ അഡ്വ.എം അനിൽകുമാർ, ഹൈബി ഈഡൻ എം.പി, ഉമ തോമസ് എംഎൽഎ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

ടെന്നിസിലെ കൗമാര പ്രതിഭകൾക്ക് സാനിയ മിർസയുമായി സംവദിക്കുന്നതിനായി മീറ്റ് ദി ലെജൻഡ് എന്ന പ്രോഗ്രാമും ഉദ്ഘാടനത്തിനോടനുബന്ധിച്ച് നടക്കും. മികച്ച ടെന്നീസ് പ്രതിഭകൾക്കായി കളിയുപകരണങ്ങൾ നൽകുന്ന എയ്സ് എന്ന പദ്ധയ്ക്കും ചടങ്ങിൽ തുടക്കമാകും.വലിയ വിപുലീകരണ പദ്ധതികളാണ് വരും വർഷങ്ങളിൽ കമ്പനി തയ്യാറാക്കിയിരിക്കുന്നത്.മൂന്നു വർഷത്തിനുള്ളിൽ ബ്രാഞ്ചുകളുടെ എണ്ണം മൂവായിരമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഷിബു തെക്കുംപുറം പറഞ്ഞു. മൈക്രോ ഫിനാൻസിനു മാത്രമായി പുതിയ എൻബിഎഫ്സി ഈ വർഷം ആരംഭിക്കും.മുഴുവൻ സംസ്ഥാനങ്ങളിലും ബ്രാഞ്ചുകൾ തുറക്കുന്നതോടെ 2024 അവസാനമാകുമ്പോഴേയ്ക്കും രാജ്യത്ത് ശക്തമായ സാന്നിധ്യമായി കെഎൽഎം ആക്സിവ ഫിൻവെസ്റ്റ് മാറുമെന്നും അദ്ദേഹം പറഞ്ഞു.കെഎൽഎം ആക്സിവ ഫിൻവെസ്റ്റ് ഡയറക്ടർ എം.പി ജോസഫ്, സി.ഇ.ഒ മനോജ് രവി, ഡയറക്ടർ എബ്രാഹം തര്യൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



# വേനൽ മഴ ചതിച്ചു : കുടിവെള്ള ക്ഷാമം രൂക്ഷം; കൃഷിയിടങ്ങൾ കരിഞ്ഞുണങ്ങുന്നു

**വാഴക്കുളം:** അതികഠിനമായ അന്തരീക്ഷച്ചൂടും ജലദൗർലഭ്യതയും വരൾച്ച രൂക്ഷമാക്കുന്നു.

മഞ്ഞള്ളൂർ, ആവോലി, കല്ലൂർക്കാട് മേഖലകളിൽ കുടിവെള്ള വിതരണം ഭാഗികമായി തടസപ്പെട്ടു. പലയിടങ്ങളിലും മതിയായ അളവിൽ വെള്ളം ലഭിക്കുന്നില്ല. കുടിവെള്ള വിതരണത്തെ ചൊല്ലി ഉദ്യോഗസ്ഥരുമായി തർക്കങ്ങൾ പല പ്രദേശങ്ങളിലും ഉണ്ടാകുന്നു.

കുടിവെള്ള ലഭ്യതക്കുറവിൻറേയും പ്രാദേശിക പൊതു വിഷയങ്ങളുടേയും പേരിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വോട്ട് ബഹിഷ്കരിച്ചു. പുഴയിലെ ജലനിരപ്പ് താണതോടെ കുടിവെള്ളത്തിനുള്ള പമ്പിംഗ് തടസപ്പെടുകയാണ്. ഇത് കുടിവെള്ള വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

പുഴയിലും കുളങ്ങളിലും കിണറുകളിലും ജല നിരപ്പ് താഴ്ന്നതോടെ കൃഷിയിടങ്ങളും കരിഞ്ഞുണങ്ങുകയാണ്. വേനൽമഴ ലഭിക്കുന്നതോടെ മാർച്ച് ഏപ്രിൽ മാസങ്ങളിൽ ചേന, കപ്പ തുടങ്ങിയ തന്നാണ്ടുകൃഷിയിറക്കുകയാണ് പതിവ്. മേഖലയിൽ ഒരിടത്തും കാര്യമായ വേനൽ മഴ ലഭിച്ചില്ല. അതിനാൽ ആദ്യ വേനൽ മഴയ്ക്കുള്ള കൃഷിയിറക്കാൻ കർഷകർക്കു കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ ഈ വർഷം കാർഷികോത്പാദനത്തിൽ വൻ തിരിച്ചടി നേരിടും. ജാതി, വാഴ, കമുക് തുടങ്ങിയ കൃഷികളേയും വരൾച്ച കാര്യമായി ബാധിച്ചു. പൈനാപ്പിൾ ചെടികൾ പലയിടങ്ങളിലും കരിഞ്ഞുണങ്ങി. വർഷങ്ങളോളം പരിപാലിച്ച് വിളവെടുപ്പു നടത്തുന്ന ജാതി മരങ്ങളുടെ ഇലകൾ കരിയുകയാണ്. പലയിടത്തും തണ്ടുണങ്ങി തുടങ്ങിയതായി കർഷകർ പറയുന്നു.

വളർത്തുമൃഗങ്ങൾ ഉഷ്ണവും ജലക്കുറവും മൂലം ദുരിതത്തിലാണ്. കനത്ത ചൂട് കാരണം പശുക്കളിൽ പാൽ ഉത്പാദനം കുറയുന്നു. പശുക്കൾക്കുള്ള തീറ്റപ്പുല്ലും കരിഞ്ഞു നിൽക്കുകയാണ്. അതിനാൽ പച്ചപ്പുല്ലിന് ക്ഷാമം നേരിടുന്നു.

കുടിവെള്ളം കിട്ടാക്കനിയാകുന്നതോടെ തോട്ടങ്ങളിൽ അരുമ സസ്യങ്ങൾക്ക് ദാഹനീർ നൽകാൻ കഴിയാതെ കർഷകർ വലയുന്നു. സമീപ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട വേനൽമഴ ലഭിച്ചിട്ടുണ്ട്. വാഴക്കുളം മേഖലയിൽ കാര്യമായ മഴ ലഭിച്ചില്ല. നല്ലൊരു മഴയ്ക്കായി കാത്തിരിക്കുകയാണ് കർഷകരും പ്രദേശവാസികളും.

## അലാന ബൗളേഴ്സിന്റെ ഡോഗ് ഫുഡ് ന്യൂട്രിമാക്സ് വിപണിയിലിറക്കി

**കൊച്ചി:** അല്ലാന ഗ്രൂപ്പിനു കീഴിലുള്ള ബൗളേഴ്സ് വളർത്തുനായകൾക്കായി പുതിയ ന്യൂട്രിമാക്സ് ഭക്ഷണ ശ്രേണി പുറത്തിറക്കി. കൊച്ചിയിലെ അഡ്ലെക്സ് കൺവെൻഷൻ സെന്ററിൽ നടന്ന വേൾഡ് സ്മാൾ അനിമൽ വെറ്ററിനറി അസോസിയേഷൻ (ഡബ്ല്യുഎസ്എവിഎ) സമ്മേളനത്തിലാണ് പുതിയ ശ്രേണി അവതരിപ്പിച്ചത്. കുറഞ്ഞവിലയിൽ ഉന്നതനിലവാരമുള്ള പെറ്റ് ഫുഡ് വിപണിയിലെത്തിക്കാനുള്ള ബൗളേഴ്സ് ബ്രാൻഡിന്റെ ശ്രമങ്ങളുടെ ഭാഗമാണ് ന്യൂട്രിമാക്സ് ശ്രേണി. സംസ്കരിച്ച ഭക്ഷ്യ ഉൽപന്നങ്ങളുടെയും കാർഷികോൽപ്പന്നങ്ങളുടെയും കയറ്റുമതിയിൽ പ്രമുഖരാണ് അല്ലാന ഗ്രൂപ്പ്.

വളർത്തുമൃഗങ്ങൾക്കായി കുറഞ്ഞ നിരക്കിൽ വിപണിയിൽ ലഭ്യമാകുന്ന ഏറെ വ്യത്യസ്തമായ ഒരു ശ്രേണിയാണ് ന്യൂട്രിമാകസ്, ഭാവിയിൽ കൂടുതൽ മികച്ച ഉൽപ്പന്നങ്ങൾ പുറത്തിറക്കാനുള്ള ശ്രമങ്ങളുടെ തുടക്കമാണ് ന്യൂട്രിമാകസ് എന്ന് അലാന കമ്പനിയുടെ പെറ്റ് ഫുഡ് വിഭാഗം സിഇഒ എ. രാഘവേന്ദ്ര റാവു പറഞ്ഞു.

തെലങ്കാനയിലെ സഹീറാബാദിൽ 200 കോടിരൂപ നിക്ഷേപത്തിൽ ഏഷ്യയിലെ ഏറ്റവും വലിയ ഡോഗ്ഫുഡ് നിർമാണശാലയും അലാന സ്ഥാപിച്ചു. മണിക്കൂറിൽ 10 ടൺ തീറ്റ ഉല്പാദിപ്പിക്കാൻ ശേഷിയുള്ള ഈ പ്ലാന്റിൽ നായകൾക്കും പൂച്ചകൾക്കുമുള്ള ഭക്ഷണം തയാറാക്കും.

## വാർഡ്വിസാർഡിന് 32.71 ശതമാനം ലാഭ വർധന

**കൊച്ചി:** ജോയ് ഇ ബൈക്ക് നിർമാതാക്കളും മുൻനിര വൈദ്യുത വാഹന നിർമാതാക്കളുമായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻറ് മൊബീലിറ്റി കഴിഞ്ഞ സാമ്പത്തിക വർഷം 32.71 ശതമാനം വർധനവോടെ 31757.19 ലക്ഷം രൂപ വരുമാനം കൈവരിച്ചു. മുൻവർഷത്തെ വരുമാനം 23,928.87 ലക്ഷം രൂപയായിരുന്നു. മുൻവർഷം 944.21 ലക്ഷം രൂപയായിരുന്ന അറ്റാദായം 1415.16 ലക്ഷം രൂപയായും വർധിച്ചിട്ടുണ്ട്.വിപണിയിലെ തങ്ങളുടെ സാന്നിധ്യം ശക്തമാക്കാനായ വർഷമായിരുന്നു കടന്നു പോയതെന്ന് വാർഡ് വിസാർഡ് ഇന്നൊവേഷൻ ആൻറ് മൊബിലിറ്റി ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ സഞ്ജയ് ഗുപ്ത പറഞ്ഞു. ഒരു ലക്ഷം വൈദ്യുത ഇരുചക്ര വാഹനങ്ങളുടെ വിൽപന എന്ന നാഴികക്കല്ലും തങ്ങൾ പിന്നിട്ടതായി അദ്ദേഹം കൂട്ടിച്ചേർത്തു.

## സ്റ്റാർ ഹെൽത്ത് ഇൻഷുറൻസിന് പുരസ്കാരം

**കൊച്ചി:**ഇന്ത്യയിലെ ഏറ്റവും വലിയ റീട്ടെയിൽ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയായ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് (സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ്) മുംബൈയിൽ നടന്ന 2024ലെ ബിഎഫ്എസ്ഐ ഇന്നവേഷൻ കോൺഫെക്സ് & അവാർഡ്സിൽ, 'ബെസ്റ്റ് റിസ്ക് ട്രാൻസ്ഫോർമേഷൻ ഓഫ് ദി ഇയർ' അവാർഡ് നേടി. . കമ്പനിയിൽ ഒരു റിസ്ക് മാനേജ്മെന്റ് സംസ്കാരം വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾക്കും നൂതന സംരംഭങ്ങൾക്കും ലഭിച്ച അംഗീകാരമാണിതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## പ്രീമിയർ ഷോ മെയ് 5ന്

**കൊച്ചി:** വൺ പീസ്: ലാൻഡ് ഓ ഫ് വാനോ ആർക്ക് ആദ്യമായി മലയാളത്തിൽ കാർട്ടൂൺ നെറ്റ് വർക്കിൽ സംപ്രേക്ഷണം ചെയ്യുന്നു.

മെയ് 5നാണ് പ്രീമിയർ ഷോ. കടൽക്കൊള്ളക്കാരുടെ സാഹസിക കഥയാണിത്. ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലും വൺ പീസ്: ലാൻഡ് ഓഫ് വാനോ ആർക്ക് സംപ്രേ ക്ഷണം ചെയ്യും. ആഗോളതല ത്തിൽ ശ്രദ്ധിക്കപ്പെട്ട വൺ പിസ് എന്ന മാംഗ പരമ്പരയുടെ സംപ്രേഷണവും കാർട്ടൂൺ നെറ്റ് വർക്ക് പ്രഖ്യാപിച്ചിട്ടുണ്ട്

## മുൻവർഷത്തേക്കാൾ വളർച്ച നേടി കെ.എസ്.ബി

**കൊച്ചി:** പമ്പുകളുടെയും വാൽവുകളുടെയും നിർമാതാക്കളായ കെ. എസ്. ബി ലിമിറ്റഡ് മികച്ച ലാഭവും വളർച്ചയും സൂചിപ്പിക്കുന്ന 2024ലെ ഒന്നാം പാദകണക്കുകൾ പുറത്തുവിട്ടു. 544.2 കോടി രൂപയാണ് 2024ലെ ഒന്നാം പാദത്തിൽ വിൽപനയിലൂടെ കമ്പനി സമ്പാദിച്ചത്.

ഇത് 2023ലെ ഒന്നാംപാദത്തിനേക്കാൾ 11.2% അധിക മികച്ച പ്രകടനമാണ്. പി.എം. കുസും പ്രകാരം 2500 സോളാർ വാട്ടർ പമ്പിങ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് മഹാരാഷ്ട്ര എനർജി ഡെവലപ്മെന്റ് ഏജൻസിയിൽ നിന്നും 63 കോടി രൂപയുടെ കരാർ, 11 കോടി ചെലവ് വരുന്ന കെ.എസ്.ബി സൗദിയിൽ നിന്നും കടൽ വെള്ളത്തിൽ നിന്നും ഉപ്പ് വേർതിരിക്കുന്നതിനുള്ള പദ്ധതി, ജനറൽ ഇലക്ട്രിക്കിൽ നിന്നും 4.1 കോടി രൂപയും ഹാൽദിയ പെട്രോകെമിക്കൽസ് ലിമിറ്റഡിന്റെ എച്ച്.ജി പമ്പ്സിൽ നിന്നും 5.6 കോടി രൂപയും ഉൾപ്പെടെ ഊർജവിഭാഗം മാത്രം ഏറ്റെടുത്ത പദ്ധതികളുടെ മൂല്യം 50 കോടി മുകളിൽ എന്നീ നേട്ടങ്ങളും സ്വന്തമാക്കി.

ഡൺ ആൻഡ് ബ്രാഡ്സ്ട്രീറ്റിന്റെ ഇ.എസ്.ജി ലീഡർഷിപ്പ് ഉച്ചകോടിയിൽ 'ഇ.എസ്.ജി ചാമ്പ്യൻ ഓഫ് ഇന്ത്യ 2024' കമ്പനി കരസ്ഥമാക്കിയിരുന്നു. കൂടാതെ, സുപ്രീം ഇ മോട്ടറും പമ്പ് ഡ്രൈവ് 2വും വരുന്ന നവീകരിച്ച കാലിയോ പ്രോ, ഇറ്റാലിനെ എന്നീ മോഡലുകൾ അവതരിപ്പിച്ചു.

സോളാർ വിഭാഗത്തിലും മികച്ച പ്രകടനമാണ് കമ്പനി കാഴ്ചവെയ്ക്കുന്നതെന്നും മെച്ചപ്പെട്ടതും സുസ്ഥിരവുമായ പദ്ധതികളിലൂടെയുള്ള വളർച്ചയാണ് കമ്പനി ഇനി ലക്ഷ്യമിടുന്നതെന്നും കമ്പനിയുടെ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വിഭാഗം വൈസ് പ്രസിഡന്റ് പ്രശാന്ത് കുമാർ പറഞ്ഞു.







# ഐഐഎ കേരള ചാപ്റ്റർ ഫുട്ബോൾ ലീഗ്: കാലിക്കറ്റ് സെന്റർ ഓവറോൾ ചാമ്പ്യൻ

**പാലക്കാട്:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ചർ കേരള ചാപ്റ്റർ സംഘടിപ്പിച്ച ഫുട്ബോൾ ലീഗിൽ കാലിക്കറ്റ് സെന്റർ ഓവറോൾ ചാമ്പ്യന്മാരായി. സെവൻസ് കാറ്റഗറിയിലും ഫൈവ്സ് കാറ്റഗറിയിലും ജേതാക്കളായാണ് കാലിക്കറ്റ് സെന്റർ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയത്. ത്രീസ് കാറ്റഗറിയിൽ (വനിതാ വിഭാഗം) പാലക്കാട് സെന്റർ ജേതാക്കളായി.സെവൻസ് കാറ്റഗറിയിൽ മലപ്പുറത്തിനെതിരെ ഒരു ഗോൾ നേടിയാണ് കാലിക്കറ്റ് സെന്റർ ചാമ്പ്യന്മാരായത്. സെമിഫൈനൽ മത്സരത്തിൽ കൊച്ചിയെ തോൽപ്പിച്ച് (1-2) ആണ് മലപ്പുറം സെന്റർ ഫൈനലിലെത്തിയത്. രണ്ടാം സെമിയിൽ കോട്ടയത്തെ പരാജയപ്പെടുത്തിയാണ് (2-0) കാലിക്കറ്റ് ഫൈനലിലെത്തിയത്.

ഫൈവ്സ് കാറ്റഗറിയിൽ കണ്ണൂരിനെ പരാജയപ്പെടുത്തി കൊച്ചിയും (0-2) തിരുവനന്തപുരത്തെ പരാജയപ്പെടുത്തി കാലിക്കറ്റും (1-3) ഫൈനലിലെത്തി. ഫൈനൽ മത്സരത്തിൽ കൊച്ചിയെ പരാജയപ്പെടുത്തി കാലിക്കറ്റ് (0-3) ജേതാക്കളായി. ത്രീസ് കാറ്റഗറിയിൽ ആദ്യ സെമിയിൽ തിരുവനന്തപുരം കൊല്ലം സെന്ററുകൾ സമനിലയിൽ പിരിഞ്ഞു. തുടർന്ന് ടോസ് നേടിയ കൊല്ലം ഫൈനലിലെത്തി. രണ്ടാം സെമിയിൽ മലപ്പുറത്തെ പരാജയപ്പെടുത്തി പാലക്കാട് (1-2) ഫൈനലിലെത്തി. ഫൈനൽ മത്സരത്തിൽ പാലക്കാടും കൊല്ലവും (2-2) സമനിലയിലെത്തി. തുടർന്ന് ടോസ് നേടിയ പാലക്കാട് സെന്റർ ജേതാക്കളായി. ഐഐഎ പാലക്കാട് സെന്ററാണ് പട്ടാമ്പി കൊപ്പം ആൾട്ടിസ് ഇന്റർനാഷണൽ ഫുട്ബോൾ അക്കാദമിയിൽ രണ്ടു ദിവസങ്ങളിലായി നടന്ന മത്സരത്തിന് ആതിഥേയത്വം വഹിച്ചത്.

സെവൻസ്, ഫൈവ്സ്, ത്രീസ് ടീമുകളായാണ് ഗ്രൂപ്പ് മത്സരങ്ങൾ നടന്നത്. കേരളത്തിലെ 9 സെന്ററുകളിൽ നിന്നായി മുന്നൂറിലേറെ ആർക്കിടെക്റ്റുമാർ ഫുട്ബോൾ ലീഗിൽ പങ്കെടുത്തതായി പാലക്കാട് സെന്റർ ചെയർമാൻ അനൂപ് കെ നായർ, പ്രോഗ്രാം കൺവീനർ അബൂബക്കർ ബാസിൽ എന്നിവർ പറഞ്ഞു.

# കടലിലും ചൂട്.. തന്നെ മത്സ്യങ്ങൾ തീരക്കടൽ വിട്ടു; തീരം വറുതിയിൽ

**വൈപ്പിൻ:** വേനൽ മഴ മരീചികയായതോടെ കടൽ മത്സ്യങ്ങൾ ഉൾവലിഞ്ഞത് മത്സ്യമേഖലയ്ക്ക് വൻ തിരിച്ചടിയായി. ഇതോടെ തീരദേശത്തെ മൊത്തം സാമ്പത്തിക മേഖല താറുമാറായി. ഉപരിതലത്തിലെ കനത്ത ചൂടിൽ നിന്ന് രക്ഷതേടി മത്സ്യങ്ങൾ ഉൾക്കടലിലേക്ക് നീങ്ങിയതാണ് കടൽ വറുതിയിലാകാൻ പ്രധാന കാരണമായി പറയുന്നത്.



ഈ സാഹചര്യത്തിൽ തീരക്കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന ബോട്ടുകളും വഞ്ചികളും ഇന്ധനച്ചെലവിനുള്ള മീൻപോലും കിട്ടാതെ വെറും കൈയോടെ തിരിച്ചു പോരുകയാണ്. ഇതുമൂലം യാനങ്ങൾ ഭൂരിഭാഗവും മത്സ്യബന്ധനത്തിനു പോകുന്നില്ല. ഇതാകട്ടെ ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചിട്ടുണ്ട്. അതിനാൽ തൊഴിൽ മേഖലയും സ്തംഭിച്ചു. മത്സ്യമാർക്കറ്റുകളിൽ ഇപ്പോൾ കൂടുതലായും എത്തുന്നത് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യങ്ങളാണ്. സാധാരണ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഇടമഴ കിട്ടുന്നതോടെ വള്ളങ്ങൾക്ക് വല നിറയെ അയലയും മത്തിയും ലഭിക്കാറുള്ളതാണ്. എന്നാൽ മഴ മുടങ്ങിയതോടെ ഇത്തവണ മത്തിയും അയലയും തീരം തൊട്ടതു പോലുമില്ല.

ഇതു മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികളും വൻ പ്രതിസന്ധിയിലായി. ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന ഏതാനും ചില വലിയ ബോട്ടുകൾ ഇപ്പോൾ മത്സ്യബന്ധനത്തിന് പോകുന്നുണ്ടെങ്കിലും നഷ്ടമാണെന്നാണ് ബോട്ടുടമകൾ പറയുന്നത്. സാധാരണ ബോട്ടുകാർക്ക് അയലയും വറ്റയും ചെമ്മീനുമൊക്കെ ലഭിക്കേണ്ട സമയമാണിത്. പക്ഷേ കാര്യമായി ഒന്നും തന്നെ ലഭിക്കുന്നില്ല.

പ്രളയവും കാലാവസ്ഥാ വ്യതിയാനവും കടലിൻറെ ഘടനമാറ്റത്തിന് തന്നെ കാരണമായതായി വിദഗ്ധർ ചൂണ്ടിക്കാട്ടുന്നുണ്ട്.

താപനില ദിനംപ്രതി ക്രമാതീതമായി ഉയരുന്നതിനാൽ ജലോപരിതലം ചൂടുപിടിച്ച് മത്സ്യപ്രജനനത്തെയും ബാധിച്ചതായി ഇക്കൂട്ടർ വ്യക്തമാക്കുന്നു.

അശാസ്ത്രീയ മീൻപിടിത്തവും മത്സ്യസമ്പത്തിനെ സാരമായി ബാധിച്ചിട്ടുണ്ട്.



# നെസ്പ്രെസോ കോഫിയുമായി നെസ്ലെ ഇന്ത്യ

**കൊച്ചി:** പ്രീമിയം കോഫി രുചികളിൽ മുൻനിരയിലുള്ള നെസ്പ്രെസോ രാജ്യത്ത് അവതരിപ്പിക്കാൻ തയ്യാറെടുത്ത് നെസ്ലേ ഇന്ത്യ. 2024 അവസാനത്തോടെ ഈ പ്രീമിയം കോഫീ രുചികൾ ഇന്ത്യൻ വിപണിയിലെത്തും. ഡൊമസ്റ്റിക്, പ്രൊഫഷണൽ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഒറിജിനൽ, പ്രൊഫഷണൽ സിസ്റ്റങ്ങളിൽ നെസ്പ്രെസോ കോഫികളും മെഷീനുകളും രാജ്യത്തെ വിപണിയിൽ ലഭ്യമാകും. ഇന്ത്യയിലെ ആദ്യത്തെ നെസ്പ്രെസോ ബൊട്ടീക്ക് ഡൽഹിയിലായിരിക്കും ആരംഭിക്കുക. തുടർന്ന് രാജ്യത്തെ മറ്റ് പ്രധാന നഗരങ്ങളിലേക്കും വ്യാപിപ്പിക്കും. ബൊട്ടീക്കുകൾക്ക് പുറമേ ഇ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ ഓൺലൈനായും ഉപഭോക്താക്കൾക്ക് നെസ്പ്രെസോ സ്വന്തമാക്കുവാൻ സാധിക്കും.സ്വിറ്റ്സ്വർലാൻഡിലെ ലുസെന്ന ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നെസ്പ്രെസോ 90ലേറെ വിപണികളിൽ ലഭ്യമാണ്. ഏകദേശം 500 നഗരങ്ങളിൽ 800ന് മുകളിൽ വരുന്ന ബൊട്ടീക് ശൃംഖലയും നെസ്പ്രെസോയ്ക്കുണ്ട്.

# ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ ട്രെയിനിംഗ് പ്രോഗ്രാം

**തിരുവനന്തപുരം:**ശ്രീകാര്യത്തുള്ള തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ പ്രവർത്തിക്കുന്ന ബോഷ് സി.ഇ.ടി. സെന്റർ ഓഫ് എക്സലൻസ് ഇൻ ഓട്ടോമേഷൻ ടെക്നോളജീസിൽ ജൂൺ മാസം, 30 മണിക്കൂർ ദൈർഘ്യമുള്ള 'ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ' ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തപ്പെടുന്നു. ഇരുപത്തഞ്ച് വിദ്യാർത്ഥികൾ വീതമുള്ള ആറു ബാച്ചുകളിലായി പ്രായോഗിക പരിശീലനം നൽകപ്പെടുന്നു. ട്രെയിനിംഗ് ഫീസ് 1800 രൂപ. ചേരാൻ ആഗ്രഹിക്കുന്നവർക്ക് സി.ഇ.ടി. വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള ലിങ്ക് വഴി ഓൺലൈനായി ഫീസടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. എഞ്ചിനീയറിങ്, ഡിപ്ലോമാ കോഴ്സുകൾ പഠിക്കുന്നവർക്കും പഠനം പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9447343160 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# ബാച്ചിലർ ഓഫ് ഡിസൈൻ കോഴ്സിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:**കേരള സർക്കാരിനു കീഴിൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള, ബാച്ചിലർ ഓഫ് ഡിസൈൻ (ഫാഷൻ ഡിസൈൻ) കോഴ്സിലേക്ക് അപേക്ഷിക്കാം. അപേക്ഷകർ ഏതെങ്കിലും അംഗീകൃത പരീക്ഷ ബോർഡിന്റെ പ്ലസ് ടു യോഗ്യതാപരീക്ഷ വിജയിച്ചിരിക്കണം. എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ ബാച്ലർ ഓഫ് ഡിസൈൻ കോഴ്സിന് ചേരാൻ അർഹതയുണ്ടാവുകയുള്ളു. കൂടുതൽ വിവരങ്ങൾക്കായി www.iftk.ac.in ,www.lbscetnre.kerala.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. അപേക്ഷാ ഫീസ് ഓൺലൈനായി ഒടുക്കി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2024 മേയ് 31. കോഴ്സ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് 9447710275 എന്ന നമ്പറിലും അപേക്ഷ സമർപ്പിക്കൽ സംബന്ധിച്ച് സംശയങ്ങൾക്ക് 04712560327 എന്ന നമ്പറിലും ബന്ധപ്പെടുക.

# ട്രെയിനിങ് വർക്ക്ഷോപ്പ്

**കൊച്ചി:** കലൂർ ജവഹർലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സ്ഥാപനമായ മോഡൽ ഫിനിഷിങ് സ്കൂളിൽ വിദ്യാർത്ഥികൾക്കായി ശാസ്ത്ര സാങ്കേതിക വിദ്യയിൽ പ്രഗത്ഭരാകുവാനും, നൂതന ആശയങ്ങൾ വളർത്തിയെടുക്കുവാനും ഐ.ഒ.ടി ആന്റ് റോബോട്ടിക്സ് (ഐഒടി ആൻ് റോബോട്ടിക്സ്) തുടങ്ങിയവയിൽ 10 ദിവസം ( 50 മണിക്കൂർ) നീണ്ടുനിൽക്കുന്ന ട്രെയിനിങ് വർക്ക്ഷോപ്പ് മെയ് 6 ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2985252.

# കോപ് അങ്കിൾ




മെയ് 24ന് പ്രദർശനത്തിനെത്തുന്ന ‘ കോപ് അങ്കിൾ ‘ എന്ന ചിത്രത്തിന്റെ സെക്കന്റ് ലുക്ക് പോസ്റ്റർ, ഒരുമിച്ച് മൂന്ന് വ്യത്യസ്ത ശൈലിയിൽ റിലീസ് ചെയ്തു.ധ്യാൻ ശ്രീനിവാസൻ,വസിഷ്ഠ് (മിന്നൽ മുരളി ഫെയിം) സൈജു കുറുപ്പ്,ശ്രിത ശിവദാസ് അജു വർഗ്ഗീസ് ജാഫർ ഇടുക്കി, ജോണി ആൻറണി, ദേവിക തുടങ്ങിയവരെ പ്രധാന കഥാപാത്രങ്ങളാക്കി വിനയ് ജോസ് സംവിധാനം ചെയ്യുന്ന ചിത്രമാണ് ‘കോപ് അങ്കിൾ‘. ഒരു അസംബന്ധ കോമഡി എൻറർടെയ്നർ ചിത്രമായ ’കോപ് അങ്കിളി’ൻറെ ഈ രസികൻ സെക്കന്റ് ലുക്ക് പോസ്റ്ററുകൾ സോഷ്യൽമീഡിയയിൽ ഇപ്പോൾ വൈറലായിരിക്കുകയാണ്.

ഗുഡ് ആങ്കിൾ ഫിലിംസ്, ക്രിയ ഫിലിംസ്, കോർപറേഷൻ നെക്സ്റ്റൽ സ്റ്റുഡിയോസ് എന്നിവയുടെ ബാനറിൽ സന്ദീപ് നാരായൺ, പ്രേം എബ്രഹാം, രമേഷ് കറുത്തൂരി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ‘കോപ് അങ്കിൾ” എന്ന ചിത്രത്തിന്റെ തിരക്കഥ സംഭാഷണം ധ്യാൻ ശ്രീനിവാസൻ എഴുതുന്നു.പയസ് തോമസ്, നിതിൻ കുമാർ! എന്നിവരാണ് കോ പ്രൊഡ്യൂസർമാർ. ഛായാഗ്രഹണം റോജോ തോമസ്, എഡിറ്റർകണ്ണൻ മോഹൻ,സംഗീതം ശങ്കർ ശർമ്മ,ബിജിഎം മാർക് ഡിമ്യൂസ്, ഗാനരചനമനു മഞ്ജിത്ത്,ഗായകർ വിനീത് ശ്രീനിവാസൻ, സിത്താര കൃഷ്ണകുമാർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ് ജോബീഷ് ആൻറണി, ധിനിൽ ബാബു,ആർട്ട് അസീസ് കറുവാരക്കുണ്ട്, അസോസിയേറ്റ്പ്രൊഡ്യൂസർആദിത്യ അജയ് സിംഗ്,മേക്കപ്പ് വിപിൻ ഓമനശ്ശേരി, സജിത് വിധുര, കോസ്റ്റ്യൂംസ്അശ്വതി ഗിരീഷ്,പ്രൊഡക്ഷൻ കൺട്രോളർസതീഷ് കാവിൽകോട്ട, ചീഫ് അസോസിയേറ്റ് ഡയറക്ടർവിഷ്ണു ചന്ദ്രൻ,റിയാസ് മുഹമ്മദ്,ഫിനാൻസ് കൺട്രോളർമുഹമ്മദ് ഹാഫിസ്,വിഷ്വൽ ഇഫക്ട് ആൻഡ് ടൈറ്റിൽ ആനിമേഷൻ റിഡ്ജ് വിഎഫ്എക്സ്, സ്റ്റണ്ട്മാഫിയ ശശി, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്തസ്, കളറിസ്റ്റ്ജോജി പാറക്കൽ,മാർക്കറ്റിംഗ് സ്നേക്ക്പ്ലാൻറ്,പി ആർ ഒഎ.എസ് ദിനേശ്.



## കുഞ്ചാക്കോ ബോബൻ,പ്രിയാമണി ചിത്രം തുടങ്ങി

കുഞ്ചാക്കോ ബോബൻ,പ്രിയാമണി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജിത്തു അഷ്റഫ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ ചിത്രീകരണം എറണാകുളത്ത് ആരംഭിച്ചു.എറണാകുളം കടവന്ത്ര ലയൺസ് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടന്ന പൂജാ ചടങ്ങിൽ സംവിധായകൻ മഹേഷ് നാരായണൻ സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചു.സംവിധായകൻ രതീഷ് ബാലകൃഷ്ണൻ പൊതുവാൾ ആദ്യ ക്ലാപ്പടിച്ചു.ജഗദീഷ്,മനോജ് കെ യു,ശ്രീകാന്ത് മുരളി,ഉണ്ണി ലാലു,ജയ കുറുപ്പ്,

വൈശാഖ് ശങ്കർ,റംസാൻ,വിഷ്ണു ജി നായർ,അനുനാഥ്,ലയം മാമ്മൻ, ഐശ്വര്യ,അമിത് ഈപ്പൻ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.മാർട്ടിൻ പ്രക്കാട്ട് ഫിലിംസ്,ദി ഗ്രീൻ റൂം എന്നീ ബാനറുകളിൽ മാർട്ടിൻ പ്രക്കാട്ട്, രഞ്ജിത്ത് നായർ,സിബി ചാവറ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം റോബി വർഗ്ഗീസ് രാജ് നിർവ്വഹിക്കുന്നു.ഷാഹി കബീർ തിരക്കഥ സംഭാഷണമെഴുതുന്നു.

സംഗീതംജെയ്ക്ക്സ് ബിജോയ്,എഡിറ്റർചമൻ ചാക്കോ,പ്രൊഡക്ഷൻ കൺട്രോളർഷബീർ മലവട്ടത്ത്, പ്രൊഡക്ഷൻ ഡിസൈൻദിലീപ് നാഥ്,ആർട്ട് ഡയറക്ടർരാജേഷ് മേനോൻ,മേക്കപ്പ്റോണക്സ് സേവ്യർ,കോസ്റ്റ്യൂംസ്സമീറ സനീഷ്,സ്റ്റിൽസ്നിദാദ് കെ എൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ ജിനീഷ് ചന്ദ്രൻ,സക്കീർ ഹുസൈൻ, അസോസിയേറ്റ് ഡയറക്ടർ റെനിത് രാജ്, അസിസ്റ്റന്റ് ഡയറക്ടർശ്രീജിത്ത്,യോഗേഷ് ജി,അൻവർ പടിയത്ത്,ജോനാ സെബിൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടിവ്അനിൽ ജി നമ്പ്യാർ,സുഹൈൽ,പി ആർ ഒഎ എസ് ദിനേശ്.



# വാഴ പൂർത്തിയായി

ജയ ജയ ജയ ജയ ഹേ എന്ന ചിത്രത്തിലൂടെ ഏറേ ശ്രദ്ധേയനായ സംവിധായകൻ വിപിൻ ദാസ് മറ്റൊരു യുവ സംവിധായകനു വേണ്ടി തിരക്കഥ എഴുതുന്നു.‘ഗൗതമിന്റെ രഥം ‘എന്ന ചിത്രത്തിനു ശേഷം ആനന്ദ് മേനോൻ സംവിധാനം ചെയ്യുന്ന ‘വാഴ ‘ബയോപിക് ഓഫ് എ ബില്ല്യൺ ബോയ്സ്എന്ന ചിത്രത്തിനു വേണ്ടിയാണ് വിപിൻ ദാസ് രചന നിർവ്വഹിച്ചിരിക്കുന്നത്.പുതുമുഖങ്ങൾക്ക് ഏറെ പ്രാധാന്യം നല്കി ഒരുക്കുന്ന ‘വാഴ‘ ബയോപിക് ഓഫ് എ ബില്ല്യൺ ബോയ്സ്എന്ന ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയായി.വിപിൻ ദാസ് പ്രൊഡക്ഷൻസ് ആന്റ് ഇമാജിൻ സിനിമാസ് ബാനറിൽ വിപിൻ ദാസ്, ഹാരിസ് ദേശം,പി ബി അനീഷ്,ആദർശ് നാരായൺ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന വാഴ എന്ന ചിത്രത്തിന്റെ ഛായാഗ്രഹണം അരവിന്ദ് പുതുശ്ശേരി നിർവ്വഹിക്കുന്നു.സംഗീതംഅങ്കിത് മേനോൻ,എഡിറ്റർകണ്ണൻ.പ്രൊഡക്ഷൻ കൺട്രോളർറിന്നി ദിവാകർ,കലബാബു പിള്ള,മേക്കപ്പ്സുധി സുരേന്ദ്രൻ, കോസ്റ്റ്യൂസ്അശ്വതി ജയകുമാർ,സ്റ്റിൽസ്അമൽ ജെയിംസ്,പരസ്യകലയെല്ലോ ടൂത്ത്സ്, ടൈറ്റിൽ ഡിസൈൻ@സാർക്കാസനം, സൗണ്ട്എം ആർ രാജാകൃഷ്ണൻ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്അനീഷ് നന്തിപുലം,പി ആർ ഒഎ എസ് ദിനേശ്.



# ഓടും കുതിര ചാടും കുതിര

ഫഹദ് ഫാസിൽ,കല്യാണി പ്രിയദർശൻ, രേവതി പിള്ള എിവരെ പ്രധാന കഥാപാത്രങ്ങളാക്കി കഥാപാത്രമാക്കി അൽത്താഫ് സലീം തിരക്കഥയെഴുതി സംവിധാനം ചെയ്യു ചിത്രമാണ് ‘ ഓടും കുതിര ചാടും കുതിര‘ എ ചിത്രത്തിന്റെ ചിത്രീകരണം എറണാകുളത്ത് ആരംഭിച്ചു.നിർമ്മാതാവ് ആഷിഖ് ഉസ്മാന്റെ പിതാവ് ഉസ്മാൻ സ്വിച്ചോ കർമ്മം നിർവഹിച്ചു.സംവിധായകൻ അൽത്താഫ് സലിമിന്റെ ഭാര്യ ശ്രുതി ശിഖാമണി ക്ലാപ്പടിച്ചു.

ധ്യാൻ ശ്രീനിവാസൻ,വിനയ് ഫോർ്,ലാൽ, രഞ്ജി പണിക്കർ,റാഫി,ജോണി ആന്റണി, സുരേഷ് കൃഷ്ണ,നന്ദു, അനുരാജ്, ഇടവേള ബാബു, ബാബു ആന്റണി,നന്ദു, അനുരാജ്, ഇടവേള ബാബു,വിനീത് ചാക്യാർ,ശ്രീകാന്ത് വെീയാർ.സാഫ് ബോയ്,ലക്ഷ്മി ഗോപാലസ്വാമിആതിര നിരഞ്ജന തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.ആഷിഖ് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിഖ് ഉസ്മാൻ നിർമിക്കു ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജിന്റോ ജോർജ്ജ് നിർവ്വഹിക്കു.സംഗീതം ജെസ്റ്റിൻ വർഗ്ഗീസ്,എഡിറ്റിംഗ് അഭിനവ് സുന്ദർ നായ്ക്ക്,പ്രൊഡക്ഷൻ കട്രോളർ സുധർമ്മൻ വള്ളിക്കു്, പ്രൊഡക്ഷൻ ഡിസൈനർ അശ്വനി കലേ,മേക്കപ്പ്റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം മഷർ ഹംസ,സൗണ്ട്നിക്സസ ജോർജ്ജ്,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ അനീവ് സുകുമാർ,അസ്സോസിയേറ്റ് ഡയറക്ടർ ശ്യാം പ്രേം,അസിസ്റ്റന്റ് ഡയറക്ടർജിനു എം ആനന്ദ്,ബാബു ചേലക്കാട്,അനശ്വരരാംദാസ്,ജേക്കബ് ജോർജ്,ക്ലിൻറ് ബേസിൽ,അമീൻ ബാരിഫ്,അമൽ ദേവ്,പ്രൊഡക്ഷൻ എക്സിക്യൂ‘ീവ്എസ്സാ കെ എസ്തപ്പാൻ,പ്രൊഡക്ഷൻ മാനേജർസുജീദ് ഡാൻ ഹിര മഹാജൻ, ഫിനാൻസ് കട്രോളർശിവകുമാർ പെരുമുണ്ട,സ്റ്റിൽസ് രോഹിത് കെ സുരേഷ്,പരസ്യകല യെല്ലോ ടൂത്ത്സ്,വിതരണംസെൻട്രൽ പിക്ച്ചേഴ്സ് റിലീസ്,പി ആർ ഒഎ എസ് ദിനേശ്.




# ഇന്ത്യയിലെ മികച്ച ബ്രാൻഡുകളിലൊന്നായി ഡൂറാഷൈൻ

**കൊച്ചി:** ടാറ്റാ ബ്ലൂസ്കോപ്പ് സ്റ്റീലിൻറെ മുൻനിര ബ്രാൻഡായ ഡൂറാഷൈൻ 2024-25 ലെ ഇന്ത്യയിലെ ഏറ്റവും വിശ്വസനീയമായ ബ്രാൻഡുകളിലൊന്നായി തിരഞ്ഞെടുക്കപ്പെട്ടു. മികവ്, വിശ്വാസ്യത, ഉപഭോക്തൃ സംതൃപ്തി എന്നിവയോടുള്ള കമ്പനിയുടെ പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്നതാണ് മാർക്ക്സ്മെൻ ഡെയ്‌ലി നൽകുന്ന ഈ അംഗീകാരം.

ലീഡ്ക്യാപ് വെഞ്ചേഴ്സ് നടത്തിയ കർശനമായ മൂല്യനിർണ്ണയത്തിനും വ്യവസായതലത്തിലുള്ള ഉപഭോക്തൃ പഠനത്തിനും ശേഷമാണ് ഈ അംഗീകാരം ഡൂറാഷൈന് ലഭിക്കുന്നത്.

അനുയോജ്യത, പ്രതിരോധശേഷി, സമഗ്ര ഉപഭോക്തൃ അനുഭവം, വിശ്വാസ്യത, സാമൂഹിക ഉത്തരവാദിത്തം, സുതാര്യത, ധാർമ്മികത തുടങ്ങിയ പാരാമീറ്ററുകളിലെല്ലാം ഡൂറാഷൈൻ മികച്ചുനിന്നു.ഡൂറാഷൈൻ റൂഫ്, വാൾ ഷീറ്റുകൾ ദീർഘകാലം ഈടുനിൽക്കുന്ന ഹൈടെൻസൈൽ കോട്ടഡ് സ്റ്റീൽ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്.

റൂഫ്, വാൾ ഷീറ്റുകൾ, ടൈൽ പ്രൊഫൈൽ റൂഫ് ഷീറ്റുകൾ, സ്ട്രക്ചറൽ സപ്പോർട്ട് ആക്സസറികൾ എന്നിവയുൾപ്പെടെ ക്ലാഡിംഗിന് അനുയോജ്യമായ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളാണ് ബ്രാൻഡ് ലഭ്യമാക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# സൗത്ത് ഇന്ത്യൻ ബാങ്കുമായി ധാരാണപത്രം ഒപ്പുവെച്ച് ടാറ്റാമോട്ടോർസ്

**കൊച്ചി:** വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസ് സൗത്ത് ഇന്ത്യൻ ബാങ്കുമായി ധാരണാപത്രം ഒപ്പുവച്ചു. വാണിജ്യ വാഹന ഉപഭോക്താക്കൾക്കും, ഡീലർഷിപ്പുകൾക്കും അനുയോജ്യമായ സാമ്പത്തിക പരിഹാരങ്ങൾ വാഗ്ദാനം ചെയ്യുന്നതിനാണ് ധാരാണപത്രം.

എല്ലാ വാണിജ്യ വാഹനങ്ങൾക്കും സൗത്ത് ഇന്ത്യൻ ബാങ്ക് ഫൈനാൻസിംഗ് പിന്തുണ വാഗ്ദാനം ചെയ്യുന്നു. രാജ്യത്തുടനീളമുള്ള ബാങ്കിന്റെ ശാഖാ ശൃംഖലയും, പ്രത്യേകമായി തയ്യാറാക്കിയിട്ടുള്ള അനായാസമായ തിരിച്ചടവ് പ്ലാനുകളും ഉപഭോക്താക്കൾക്കും നേട്ടമാകും. ഡീലർഷിപ്പുകൾക്ക് പിന്തുണ നൽകുക, വളർച്ചയെ പരിപോഷിപ്പിക്കുക, ഈടുകൾ പരിമിതപ്പെടുത്തുക, പലിശ നിരക്ക് കുറയ്ക്കുക, വായ്പാ പ്രക്രിയകൾ ലളിതമാക്കുക തുടങ്ങിയ കാര്യങ്ങൾ മുൻനിർത്തിയാണ് ഇരു സ്ഥാപനങ്ങളും സംയോജിച്ചു പ്രവർത്തിക്കുന്നതെന്ന് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി.ആർ ശേഷാദ്രി പറഞ്ഞു. വാഹന ഉടമകൾക്കും ഡീലർഷിപ്പുകൾക്കും ആവശ്യമായ എല്ലാ ബാങ്കിംഗ് സേവനങ്ങളും സുരക്ഷിതമായും വേഗത്തിലും വാഗ്ദാനം ചെയ്യുന്നതിൽ സൗത്ത് ഇന്ത്യൻ ബാങ്ക് പ്രതിജ്ഞാബദ്ധരാണ്. ടാറ്റ മോട്ടോർസുമായുള്ള ഞങ്ങളുടെ പങ്കാളിത്തത്തിലൂടെ വാണിജ്യ വാഹന ഡീലർമാർക്കും ഉപഭോക്താക്കൾക്കും തടസ്സങ്ങളില്ലാത്ത വാഹന ഫൈനാൻസിംഗ് ഉറപ്പാക്കുവാൻ ഞങ്ങൾക്ക് സാധിക്കുമെന്നും പി.ആർ ശേഷാദ്രി പറഞ്ഞു.

ഉപഭോക്താക്കളുടെ ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് സൗത്ത് ഇന്ത്യൻ ബാങ്കുമായുള്ള ഈ പങ്കാളിത്തം പ്രഖ്യാപിക്കുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് ടാറ്റ മോട്ടോർസ് കൊമേഴ്ഷ്യൽ വെഹിക്കിൾസ് ട്രക്ക് വിഭാഗം വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ രാജേഷ് കൗൾ പറഞ്ഞു.

# മുതലപ്പൊഴി അപകടമരണം ഉറപ്പുകൾ പാലിക്കാത്തതിനാൽ: കേരള ലാറ്റിൻ കാത്തലിക്ക് അസോസിയേഷൻ

**കൊച്ചി :**മുതലപ്പൊഴിയിൽ മത്സ്യബന്ധന വള്ളം മറിഞ്ഞ് വീണ്ടും ഒരു മത്സ്യത്തൊഴിലാളി കൂടി മരണപ്പെട്ടത് മുൻപ് സമാന സാഹചര്യത്തിൽ നൽകിയ ഉറപ്പുകൾ പാലിക്കാത്തതുകൊണ്ട് എന്ന് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ. ഒടുവിലായി മരണപ്പെട്ട പുതുക്കുറിച്ചി സ്വദേശി ജോൺ ഈ അപകട പൊഴിയിലെ 76 മത്തെ ഇരയാണ്. തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം കഴിഞ്ഞാൽ ഫിഷിങ് ആവശ്യങ്ങൾക്കുള്ള രണ്ടാമത്തെ പുലിമുട്ട് ഹാർബർ ആണ് മുതലപ്പൊഴി. സിഡബ്ല്യുപിആർഎസ് ( സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ) സംസ്ഥാന സർക്കാരിന് വേണ്ടി നടത്തിയ പഠനത്തിൽ മുതലപ്പൊഴി ഹാർബറുമായി ബന്ധപ്പെട്ട പുലിമുട്ട് നിർമ്മാണങ്ങളാണ് അഞ്ചുതെങ്ങ് മേഖലയിലെ നാല് ഗ്രാമങ്ങളിലെയും ക്രമേണയുള്ള തീരശോഷണത്തിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുപോലെ പെരുമാതുറ മുതലുള്ള മുതലപ്പൊഴിയുടെ തെക്ക് ഭാഗങ്ങളിൽ ക്രമാതീതമായി തീരം വയ്ക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. പുലിമുട്ടുകൾ ഉപയോഗിച്ച് കൃത്രിമമായി നിർമ്മിക്കുന്ന മുതലപ്പൊഴി പോലെയുള്ള ഹാർബറുകൾക്ക് സമയാസമയം ആവശ്യമായ ആഴം കൂട്ടിയും മറ്റ് അറ്റകുറ്റപ്പണി നടത്തിയുമുള്ള നിരന്തര പരിപാലനം ആവശ്യമാണ്.

കഴിഞ്ഞതവണ അപകടമരണം ഉണ്ടായപ്പോൾ സ്ഥലത്തെത്തിയ സഭാ അധികാരികളോട് ഷോ കാണിക്കരുത് എന്ന് ആക്ഷേപിച്ച് അവർക്കെതിരെ കലാപ ആഹ്വാനത്തിന് കേസെടുത്തു. പിന്നീട് സമരങ്ങൾക്ക് ശേഷം നടന്ന ചർച്ചകളിൽ മുതലപ്പൊഴി അപകടരഹിതമാക്കാൻ സംസ്ഥാന സർക്കാർ 7 ആവശ്യങ്ങൾ ഉൾപ്പെടുന്ന നടപടികൾ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഉറപ്പുകൾ ഒന്നും പാലിക്കപ്പെട്ടില്ല, നഷ്ടപരിഹാര പാക്കേജും ഉണ്ടായില്ല സമയബന്ധിതമായി അന്ന് പറഞ്ഞ കാര്യങ്ങൾ ചെയ്തിരുന്നെങ്കിൽ ഇപ്പോൾ ഈ അപകടം ഉണ്ടാകുമായിരുന്നില്ല. നടപടികൾ പൂർത്തിയാകാത്തതിന് കാരണക്കാരായവർ ഈ മരണത്തിന് ഉത്തരവാദിത്വം ഏറ്റെടുക്കണം.

ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്ന ഈ നിലപാടിനെതിരെ ശക്തമായ പ്രക്ഷോഭ പരിപാടികൾ ഉണ്ടാകും എന്ന് കെഎൽസിഎ ഭാരവാഹികൾ പറഞ്ഞു.

പ്രസിഡൻറ് ഷെറി ജെ തോമസ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ബിജു ജോസി , ട്രഷറർ രതീഷ് ആന്റണി , വിൻസി ബൈജു , ബേബി ഭാഗ്യോദയം, അഡ്വ ജസ്റ്റിൻ കരിപാട്ട് , നൈജു അറക്കൽ , സാബു കാനക്കാപള്ളി , അനിൽ ജോസ് , ജോസഫ്കുട്ടി കടവിൽ, അഡ്വ മഞ്ജു ആർ എൽ, പൂവം ബേബി , സാബു വി തോമസ് , ഷൈജ ആന്റണി , ജോൺ ബാബു, ഹെൻറി വിൻസെന്റ് , അനിൽ ജോൺ ഫ്രാൻസിസ് , വിൻസ് പെരിഞ്ചേരി , പാട്രിക്ക് മൈക്കിൾ, മോളി ചാർളി , ജസ്റ്റിൻ ആന്റണി , വികാസ് കുമാർ എൻ വി എന്നിവർ പ്രസംഗിച്ചു.

വരുന്ന ശനിയാഴ്ച മെയ് നാലിന് ആലപ്പുഴയിൽ സംസ്ഥാന സമിതി യോഗം ചേർന്ന് തുടർ നടപടികൾ തീരുമാനിക്കും.


